بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*23 March 2012 ~ 29 Rabi'ul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ലോകമെമ്പാടുമുള്ള അനുയായികളെയും, മറ്റെല്ലാ മുസ്ലിംകളെയും, സമാധാനാശംസകളാൽ അഭിവാദ്യമർപ്പിച്ചു കൊണ്ട്, ഹസ്രത്ത് മുഹ്യിദ്ദീൻ (atba) തശ്ഹുദും, തഅവസും,സൂറ അൽഫാത്വിഹയും ഓതി ഇപ്രകാരം പറഞ്ഞു.

കഴിഞ്ഞ ഖുതുബയിൽ ഞാൻ പറഞ്ഞു നിർത്തിയതു പോലെ, വാഗ്ദത്ത മസീഹും, മഹ്ദിയുമായ ഹസ്രത്ത് മിർസാ ഗുലാം അഹ്മദ്(അ) ഇന്ത്യയിലെ ഖാദിയാനിലെ ഒരു മഹനീയ കുടുംബത്തിൻ ജനിച്ചു. വളരെ ചെറുപ്പം മുതൽ തന്നെ മതകാര്യങ്ങളിൽ അതീതാത്പ്പര്യം കാട്ടിയിരുന്ന അദ്ദേഹം തന്റെ സമയത്തിന്റെ ഭൂരിഭാഗവും പുസ്തകവായനയ്ക്കും, അല്ലാഹുവിനോടുള്ളഅദമ്യമായ സ്നേഹപാരവശ്യത്താൽ പള്ളിയിലും ചെലവിട്ടു.

സത്യസന്ധതയ്ക്കും, സൗമ്യതയ്ക്കും, ദൃഢനിശ്ചയത്തിനും അദ്ദേഹം പേരു കേട്ടിരുന്നു. കാലക്രമേണ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ അറിവും, മതകാര്യങ്ങളിലുള്ള ഗ്രഹണശേഷിയും, അതിന്റെ പ്രായോഗിക തലത്തിലെ ഉപയോഗവും, വർദ്ധിച്ചു കൊണ്ടേയിരുന്നു. മുസ്ലിമെന്ന നിലയിൽ മറ്റെല്ലാ മതങ്ങളും സത്യമാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന അദ്ദേഹം ഇസ്ലാമിന്റെ അന്തസും, ആഭിജാത്യവും, ഉയർത്തിപ്പിടിക്കുവാൻ സദാ ശ്രമിക്കുകയും, അതിന്റെ പ്രാധാന്യം മറ്റു സഹോദരങ്ങൾക്ക് പറഞ്ഞു കൊടുക്കുവാൻ തനിക്ക് ലഭിച്ചിരുന്ന ഏതസവരവും, ശ്രദ്ധയോടെ ഉപയോഗിക്കുകയും ചെയ്തിരുന്നു. മതത്തിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ബദ്ധശ്രദ്ധയെ അല്ലാഹു അനുഗ്രഹിച്ചത്, അദ്ദേഹത്തിന് അവനിൽ നിന്നുള്ള ദിവ്യവെളിപാടുകൾ ഇറക്കി നല്കിയാണ്. ഈ അനുഗ്രഹം അദ്ദേഹത്തിന്റെ ജീവിതാന്ത്യം വരെ നിലനിന്നിരുന്നു.

ഇസ്ലാമികാധ്യാപനങ്ങളെ പുനരുദ്ധരിക്കുകയും, എല്ലാ മതങ്ങളും ഉൾകൊണ് ടിരുന്ന സത്യത്തെ ജനസമക്ഷം കാണിച്ചു നല്കി, അതിന്റെ അന്ത:സത്തയെ പ്രോജ്ജ്വലമാക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. ഈ ദൗത്യത്തിലൂടെയാണ് അദ്ദേഹം മാനവരാശിയെ ഒരുമിപ്പിക്കാൻ ശ്രമിച്ചതും, അങ്ങനെ ശാശ്വത ശാന്തി മനുഷ്യസമൂഹത്തിൽ നിലനിർത്തുവാൻ ശ്രമിച്ചതും. അങ്ങനെ, പാവനമായ ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ 1889-ൽ ഹസ്രത്ത് മിർസാ ഗുലാംഅഹ്മദ് (അ) അഹ്മദിയാ മുസ്ലിം കമ്മ്യൂണിറ്റി രൂപീകരിച്ചു.ഇങ്ങനെ സ്ഥാപിക്കപ്പെട്ട അഹ്മദിയാ ജമാഅത്ത് ഭൂമിയുടെ നാനാകോണുകളിലും ഇസ്ലാമിക സന്ദേശമെത്തിക്കുന്ന തരത്തിൽ കരുത്തും, വ്യാപ്തിയും, നേടുകയുമുണ് ടായി. ശേഷിയിലും വ്യാപ്തിയിലും, പാരമ്യതയിലെത്തിയതിനു ശേഷം, അതിനുള്ളിൽ നിന്നു തന്നെയുള്ള ചില കുഴപ്പക്കാരായ ആൾക്കാരുടെ ഇസ്ലാമികാധ്യാപനങ്ങളെ ചവിട്ടിയരക്കുന്ന പ്രവണത പ്രവൃത്തികൾ, മുഖേന, ഇപ്പോൾ അതിന് അതിന്റെ വിശ്വാസതയും, സത്തയും, നഷ്ടപ്പെട്ടിരിക്കുന്നു.എങ്കിലും, അല്ലാഹു അവന്റെ വാഗ്ദ്ത്ത മസീഹിന് നല്കിയ വാഗ്ദത്തം പാലിച്ചു കൊണ്ട്, ഹസ്രത്ത് മിർസാ ഗുലാംഅഹ്മദ്(അ) അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പുനരുദ്ധരിച്ച് പടുത്തുയർത്തിയ യഥാർത്ഥ ഇസ്ലാമിക പ്രകാശത്തെ, മുറുകെപ്പിടിച്ചു അതിന് പുതുജീവൻ പകരുവാനായി ഈ കാലഘട്ടത്തിൽ മറ്റൊരു മസീഹിനെ അയച്ചിരിക്കുകയാണ്.

ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) എഴുത്തുകാരൻ എന്ന നിലയിലും, പേരെടുത്ത വ്യക്തിയായിരുന്നു. അദ്ദേഹം 80ൽ പരം പുസ്തകങ്ങൾ രചിക്കുകയുണ്ടായി.ഈ ഗ്രന്ഥസമുച്ചയത്തിൽ ഏറ്റവും കീർത്തി കേട്ടതും, അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ എടുത്തു കാട്ടുന്നതുമായ ഇസ്ലാംമത തത്വജ്ഞാനം എന്ന ഗ്രന്ഥം 1896-ൽ നടന്ന മതമഹാ സമ്മേളനത്തിൽ അവതരിപ്പിക്കുവാനായി തയാറാക്കിയ പ്രബന്ധമാണ്.

1899-ൽ അദ്ദേഹമെഴുതിയ 'Jesus in India' എന്ന മഹദ്പ്രബന്ധം ഈസാ നബി(അ) ന്റെ ഇന്ത്യയിലെക്കുള്ള യാത്രയെക്കുറിച്ച് വ്യക്തമായ തെളിവുകൾ നല്കുന്ന ഒന്നാണ്.അദ്ദേഹത്തിന്റെ ജമാഅത്തിൽ അംഗങ്ങളായവരിൽ, യഥാർത്ഥ ഇസ്ലാമിക സത്യം പകർന്നു നല്കുന്നതിൽ അദ്ദേഹം വരിച്ച വിജയം പ്രതിഫലിച്ചു കാണാമായിരുന്നു. 1889-മുതൽ 1908-ൽ അദ്ദേഹം കാലയവനിക പ്രാപിക്കുന്നതു വരെ പതിനായിരങ്ങൾ അദ്ദേഹത്തെ അംഗീകരിച്ച് ജമാഅത്തിൽ അംഗങ്ങളായിത്തീർന്നു.

മാനവരാശിയുടെ ഇതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ, വിശ്വാസസംരക്ഷണത്തിനായി തിരുനബി(സ) യുടെ ആത്മീയ പുത്രനായ ഹസ്രത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ തൂലിക ചലിപ്പിച്ചതു പോലെ, കരുത്തോടെയും, ശക്തിമത്തായും അക്ഷീണവും, പ്രയത്നിച്ച മറ്റൊരു വ്യക്തിയും ഇല്ലെന്നു കാണാവുന്നതാണ്. അറിവിന്റെ മഹത്തായ–അഗാധമായ ഖജാനകളെ യാതൊരു നിബന്ധനയുമില്ലാതെ, അങ്ങേയറ്റം ഉദാരമനസ്കനായും, വിശാലതയോടെയും, അന്വേഷികളുടെ മുന്നിൽ തുറന്നിടുകയാണ് ഹസ്രത്ത് അഹമദ്(അ) ചെയ്തത്. മഹ്ദിഇമാം ധനം ഔദാര്യമായി നല്കുന്ന വ്യക്തിയായിരിക്കും എന്ന തിരുമേനി(സ)യുടെ പ്രവചനത്തെ സാക്ഷാത്കരിക്കുകയാണ് അദ്ദേഹം ചെയ്തത്.

80–ലേറെ പുസ്തകങ്ങളിലായി, ആയിരക്കണക്കിനു താളുകളിൽ, കോടികണക്കിന് വാക്കുകൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും, പ്രവഹിക്കുകയുണ്ടായി. ഇസ്ലാമിന്റെ ശത്രുക്കളെ വെല്ലുവിളിക്കുവാനും, അസത്യത്തെ ക്രൂശിക്കുവാനും ആയി അദ്ദേഹം തയാറാക്കിയ പോസ്റ്ററുകളും, ലഘുലേഖകളും, പരസ്യങ്ങളും, കൂടാതെയാണിത്. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഒരു വ്യക്തിക്കും, എഴുത്തുകാരനും, അവകാശപ്പെടാനാവാത്ത വിധം, വായനക്കാരെ ആകർഷിക്കുവാനും, അവരുടെ ഹൃദയങ്ങളിൽ അദ്ഭുതം സൃഷ്ടിക്കുവാനും ഹസ്രത്ത് അഹമദ്(അ) ന്റെ തൂലികയ്ക്ക് സാധിച്ചു.അദ്ദേഹത്തിന്റെ യുക്തിവാദങ്ങളും, കാര്യകാരണങ്ങൾ നിരത്തുന്നതിനുള്ള കരുത്തും, വാദങ്ങൾ അണിനിരത്തുന്നതിലെ യുക്തിയും, അനുമാനം നടത്തുന്നതിലും വിയോജനം പ്രകടിപ്പിക്കുന്നതിലും, സ്വീകരിച്ചിരുന്ന ശൈലിയും, അഭിപ്രായപ്രകടനത്തിന് ഏതു ശൈലിയെ അവലംബി(വാമൊഴിയൊ, വരമൊഴിയൊ ആകട്ടെ)ച്ചാലും, അതിൽ പ്രകടമായിരുന്ന ഊർജ്ജസ്വലത ഇവയൊക്കെ കാരണത്താൽ അദ്ദേഹത്തിനു മുന്നിലുള്ളത് സുഹൃത്തുക്കളോ, ശത്രുക്കളോ, ആയികൊള്ളട്ടെ, അവരൊക്കെ നിശബ്ദരായി പോകുമായിരുന്നു.അദ്ദേഹത്തിന്റെ അല്ലാഹുവിനോടുള്ള അഗാധസ്നേഹവും, തിരുനബി(സ)യോടുള്ള അങ്ങേയറ്റത്തെ ആദരവും, വിശുദ്ധ ഖുർ ആനിൽ പൂർണ്ണമായും മുഴുകിയ ജീവിതവും തീർത്തും അനുപമമാണ്. ഇസ്ലാമിനോടുള്ള അങ്ങേയറ്റത്തെ സ്നേഹത്താൽ,അദ്ദേഹം ചലിപ്പിച്ച തൂലികയിൽ നിന്നുതിർന്നു വീണ വാക്കുകൾ ഇതര മതനേതാക്കളെ ആത്മരക്ഷാർത്ഥം, ഒന്നിച്ച് പ്രതിവദിക്കുവാൻ പ്രേരിപ്പിച്ചു.

അല്ലാഹു അദ്ദേഹത്തെ രണ്ടു തരത്തിലാണ് അനുഗ്രഹിച്ചത്. വിദ്യകൊണ് ടും, ആ അറിവിനെ പ്രകടിപ്പിക്കുവാനുള്ള കരുത്തു കൊണ്ടും. ഉറുദുവിലായാലും, അറബിയിലായാലും, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ തൂലികയാൽ അദ്ദേഹം തീർത്ത വിസ്മയം എല്ലാക്കാലത്തേക്കും വെല്ലുവിളിക്ക് അതീതമായി നിലകൊള്ളുന്നു. ഈ രണ്ടു ഭാഷകളിലും, ഉള്ള അദ്ദേഹത്തിന്റെ അഗാധജ്ഞാനം രണ്ടാമതൊരാൾക്ക് അവകാശപ്പെട്ടാനാവാത്തതായി ഇന്നും നിലകൊള്ളുന്നു. വിശുദ്ധ ഖുർആൻ ഗ്രഹിക്കുവാനുള്ള പ്രത്യേകഗുണം അനുഗ്രഹമായി ലഭിച്ച മഹാനായിരുന്നു ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ).

വി:ഖുർആൻ അനശ്വമായ– അനന്തമായ അറിവിന്റെ ഉറവിടമാണെന്നും, അതിന്റെ അർത്ഥതലങ്ങളും, അതിന്റെ പ്രകൃതവും, ഗുണവിശേഷങ്ങളും, അനന്തവുമാണെന്നും അദ്ദേഹം പ്രഘോഷിക്കുകയും, ഒരു കരുത്തനെപ്പോലെ, ആ പ്രഘോഷത്തെ നിലവിൽ കൊണ്ടു വരികയും ചെയ്തു.നൂറ്റാണ്ടുകളായി മറഞ്ഞു കിടന്നിരുന്ന പ്രഭാവവും,തെളിമയും, കണ്ടെത്തുക വഴി അദ്ദേഹം വി:ഖുർ ആന്റെ അന്തസ്സയുർത്തുകയും, അതിനൊരു പുതു തേജസ്സ്, നല്കുകയും, ചെയ്തു. സൂറ അൽഫാത്തിഹ വിശുദ്ധ ഖുർആന്റെ സംക്ഷിപ്തമാണെന്നും ഈ ഒരേയൊരു– എന്നാൽ പ്രധാനപ്പെട്ട സൂറത്തിന്റെ വിശദീകരണമാണ് തുടർന്നു വരുന്ന സൂറത്തുകൾ എന്ന അർത്ഥത്തിൽ വി:ഖുർആന്റെ ആമുഖമാണെന്നും ആദ്യമായി വ്യക്തമാക്കിയത് ഹസ്രത്ത് അഹ്മദ് (അ) ആകുന്നു. ആധുനിക കാലത്ത് ഇന്നത്തെ കാലത്തെ വിവിധ ജീവിത സന്ദർഭങ്ങളിൽ, വിശുദ്ധ ഖുർ ആനിലെ ആയത്തുകളും, അവയുടെ അർത്ഥങ്ങളും, എത്രത്തോളം അനുയോജ്യമാണെന്ന് അദ്ദേഹം വിശദീകരിച്ചു. സമൂഹത്തെ പരിഷ്കരിക്കുക എന്ന തന്റെ ദൗത്യം വെളിപ്പെടുത്തിയപ്പോൾ, വിവരവും, വിദ്യാഭ്യാസവും ഇല്ലാത്ത വ്യക്തി എന്ന ആരോപണത്തിന് അദ്ദേഹം വിധേയനായി. അര പണ്ഡിതൻ എന്നും ‘‘മുൻഷി ’’ (ക്ലാർക്ക്) എന്നുമൊക്കെ അദ്ദേഹത്തെ പരിഹസിച്ചു. അദ്ദേഹത്തിന് അറബിക് ഭാഷയിൽ ഒരു അറിവുമില്ലെന്നും ആയതിനാൽ തന്നെ വിധി പ്രഖ്യാപിക്കുവാൻ, യാതൊരു അർഹതയുമില്ലെന്നും ആൾക്കാർ കളിയാക്കി. അദ്ദേഹത്തിനെതിരിൽ പക്ഷപാതത്തിന്റെ ഒരു മതിൽക്കെട്ടു തന്നെയുയർത്തപ്പെട്ടു.

ഇത്തരം കൂക്കിവിളികളും, കോലാഹലങ്ങളും, എമ്പാടുമുയർന്ന വേളയിൽ, ഒരൊറ്റ രാത്രി കൊണ്ട് അല്ലാഹുതആല അറബിക് ഭാഷയിൽ അദ്ദേഹത്തിന് അഗാധജ്ഞാനം അനുഗ്രഹമായി നല്കി. അറബിക് ഭാഷയിലെ നാല്പ്പതിനായിരം ധാതുക്കളെക്കുറിച്ച് അദ്ദേഹത്തിന് അല്ലാഹു പഠി പ്പിച്ചു കൊടുത്തു. അത്ഭുതാവഹമായ ശേഷി അറബിക് ഭാഷയിൽ ലഭിച്ച ഹസ്രത്ത് അഹ്മദ്(അ) നോട് ആ ഭാഷയിൽ ഗ്രന്ഥരചന നടത്തുവാൻ ആജ്ഞാപിക്കപ്പെട്ടു. ആയിന– എ– കമാലത്തെ ഇസ്ലാം എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ അനുബന്ധമായി ചേർത്ത ഒരു അധ്യായമാണ് അറബി ഭാഷയിലെ അദ്ദേഹത്തിന്റെ ആദ്യപടി.

അല്ലാഹുവിനാൽ നല്കിയ അറബിക് ഭാഷയിലെ അനുഗ്രഹീത ശേഷിയിൽ, തെറ്റും കുറ്റവും, കണ്ടെത്തുവാനുള്ള ഒരു വെല്ലുവിളി ആ അധ്യായത്തിൽ ഉണ്ടായിരുന്നു. ഇത് പുറത്തിറങ്ങിയപ്പോൾ, ഉടലെടുത്ത ആരോപണം ഹസ്രത്ത് മിർസാ ഗുലാം അഹമദ്(അ) രഹസ്യമായി ഒരു അറബിയെ ഒപ്പംപാർപ്പിക്കുന്നുണ്ടെന്നും, ആ വ്യക്തിയാണ് അറബിക് ഭാഷയിലെ ഈ എഴുത്തുകൾ അദ്ദേഹത്തിനായി ചെയ്യുന്നത് എന്നുമായിരുന്നു.

ഈ ആരോപണത്തെ നേരിടുന്നതിനായി അല്ലാഹു മിർസാ ഗുലാം അഗമദ്(അ) നോട് അടുത്തു വരുന്ന (ഏപ്രിൽ 11, 1900) ഈദുൽ അദ്ഹാ ദിനത്തിൽ ഖുതുബ നിർവ്വഹിക്കുവാനാജ്ഞാപിച്ചു. ഈ ദൈവീകാജ്ഞയെ പാലിക്കുവാനായി ഹസ്രത്ത് അഹ്മദ്(അ) ഒരു നീണ്ട പ്രസംഗം തന്നെ അറബിയിൽ നടത്തി. ഹസ്രത്ത് അഹമദ്(അ)ന്റെ ചരമത്തിനു ശേഷം ആദ്യ ഖലീഫയായി സ്ഥാനമേറ്റെടുത്ത ഹസ്രത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഉൾപ്പെടുന്ന ഒരു ടീം, ആ പ്രസംഗം അപ്പോൾ തന്നെ രേഖപ്പെടുത്തുകയുണ്ടായി. ഖുതുബാ ഇൽഹാമിയ എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട് ആ ഖുതുബ അറബികളും, അനറബികളുമായ എല്ലാവരെയും, അമ്പരിപ്പിക്കുകയുണ്ടായി. അത്ര മേൽ മനോഹരവും ആലങ്കാരികവുമായ ഭാഷയിലത്രെ–ശൈലിയിലത്രെ അത് അവതരിക്കപ്പെട്ടത്. ഗ്രന്ഥരചന മാത്രമായിരുന്നില്ല ഹസ്രത്ത് അദമദ്(അ) ന്റെ തൊഴിൽ. ആയിരക്കണക്കിന് ലഘുലേഖകളും, പരസ്യങ്ങളും, പോസ്റ്ററുകളും, ലഘുഗ്രന്ഥങ്ങളും, പുറത്തിറക്കുകയും, നാനാമതസ്ഥരായ വ്യക്തികൾക്ക് കത്തുകളെഴുതുകയും, പ്രഭാഷണങ്ങൾ നടത്തുകയും, സത്യാന്വേഷികൾക്ക് അഭിമുഖങ്ങൾ നല്കുകയും ചെയ്തു

കണക്കുകൾ പ്രകാരം ആദ്യ ബൈഅത്ത് സ്വീകരിച്ച് ഏഴുവർഷത്തിനുള്ളിൽ അദ്ദേഹത്തിന് തൊണ്ണൂറായിരം കത്തുകൾ ലഭിച്ചു.ഇതിനൊക്കെയും, സ്വയം മറുപടി തയാറാക്കുകയും ചെയ്തു അദ്ദേഹം ഗ്രന്ഥരചന നടത്തുകയും, സംവാദങ്ങളും, പ്രഭാഷണങ്ങളും, നടത്തുകയും, ദിനേന ചെയ്യേണ്ടി വരുന്ന ഒരു വ്യക്തിക്ക് ദിനം പ്രതി നാല്പ്പതോ, അമ്പതോ, കത്തുകൾക്ക് മറുപടി എഴുതുക എന്നത് ലളിതമായ ഒരു ജോലി അല്ല. അതോടൊപ്പം, സത്യന്വേഷികളായി തന്റെ ഭവനത്തിൽ വരുന്ന അതിഥികളോട് ആതിഥ്യ മര്യാദ പാലിക്കുന്ന ആതിഥേയനായും നിലകൊള്ളണമായിരുന്നു.

1889 മാർച്ച് 23 ന് ഹസ്രത്ത് മിർസാ ഗുലാം അഹമദ്(അ) ലുധിയാനയിൽ വച്ച് ആദ്യ ബൈഅത്ത് സ്വീകരിച്ചതുമായി ബന്ധപ്പെട്ട് ഒരു കാര്യ കൂടി പറയാം. ആദ്യ ബൈഅത്ത് നടന്ന സ്ഥലം എന്ന ആദരം എന്തുകൊണ്ട് ഖാദിയാൻ ദേശത്തിനു കിട്ടിയില്ല., മറിച്ച് ലുധിയാനയ്ക്കു ലഭിച്ചു എന്നു നാം സ്വയമൊന്നു ചോദിച്ചു നോക്കുക.വാഗ്ദത്ത മസീഹിന്റെ ഓരോ പ്രവൃത്തിയും ദൈവീകാജ്ഞ പ്രകാരമുള്ളതായിരുന്നു. അതിലെല്ലാം അതിന്റേതായ വിവേകവും, ഗൗരവവും അടങ്ങിയിരുന്നു. ആദ്യ ബൈഅത്തിന് കൃത്യം 54 വർഷങ്ങൾക്കു മുമ്പ് പഞ്ചാബിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളിയും, മിഷണറി കേന്ദ്രവും, നിലവിൽ വന്ന ആദ്യ സിറ്റിയായിരുന്നു ലുധിയാന. അവിടെ മിഷണറി കേന്ദ്രം സ്ഥാപിച്ച ശേഷം നാട്ടിലേക്കു മടങ്ങുന്നതിനു മുമ്പ് അതു സ്ഥാപിച്ച റെവറന്റ് ജോൺ ലൗറി തന്റെ ആശ ഇങ്ങനെ പങ്കുവെച്ചു. ഇന്ത്യയിലെ താത്പര്യമുള്ള ജനങ്ങളിൽ വേദപ്രകാശം നിറക്കുന്നതിനുള്ള മുന്നോടിയായ പ്രഭാത നക്ഷത്രമായിരിക്കട്ടെ ഈ ലുധിയാനയിൽ സ്ഥാപിക്കപ്പെട്ട മിഷണറി കേന്ദ്രം.

അല്ലാഹുവിന്റെ തൃക്കരങ്ങൾ, പ്രവർത്തിക്കുകയും, അമ്പത്തിനാലുവർഷങ്ങൾക്കു ശേഷം ഇവിടെ വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടെ കുരിശുടക്കൽ എന്ന ചരിത്ര ദൗത്യം ആരംഭിക്കുകയുണ്ടായി.

ഞാനെന്റെ ഖുതുബ അവസാനിപ്പിക്കുകയാണ്. നിങ്ങൾക്കെല്ലാവർക്കും, അറിയാവുന്നതു പോലെ ഇന്ന് മാർച്ച് 23 ആണ്. നാമെല്ലാവരും, മസീഹ് മൗഊദ് ദിനമാചരിക്കുകയാണ് ഇന്ന്. വാഗ്ദത്ത മസാഹിന്റെ ജീവിതവും, ആഗമനവും എന്ന വിഷയത്തെപ്പറ്റി ഇന്നത്തെ മസീഹ് മൗഊദ് ദിനാചരണ സമ്മേളനത്തിൽ തുടർന്നും സംസാരിക്കുവാൻ അല്ലാഹു എനിക്ക് അവസരം തരുമാറാകട്ടെ ഇൻഷാ അല്ലാഹ് ഇശാഅ് നമസ്കാരത്തിനു ശേഷം നടക്കുന്ന പരിപാടിയിൽ നിങ്ങൾ എല്ലാവരും, നിർബന്ധമായും, പങ്കെടുക്കണം.

*Translated by: Fauzia Jamal*    *Issued by: R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam Kerala*

*Email: jamal.raother@gmail.com*

*Website: http://www.jamaat-ul-sahih-al-islam.com*